# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1006** 12/06/2014 ൽ മറുപടിക്ക്

## സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ അദ്ധ്യയന വർഷം ഹൈസ്കൂൾ തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം തുണി ലഭ്യമാക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ ;<br><br>ബി) ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് സൗജന്യ യൂണിഫോം വിതരണം നടക്കാതെ പോയത് ; | എ& ബി | ഉണ്ട്. 2013-14 ലെ ആദ്യ സംരംഭം എന്ന നിലക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ യൂണിഫോം തുണി ലഭ്യമാക്കുമെന്ന വാഗ്ദാനം പൂർണ്ണമായി പാലിക്കുന്നതിന് കഴിഞ്ഞിട്ടില്ല. |
| സി) ചില വിദ്യാലയങ്ങളിൽ വേനലവധിക്കാലത്ത് കുട്ടികൾക്ക് പോയ വർഷം നൽകേണ്ട യൂണിഫോം വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ഡി) ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി) യും ഡി) യും | ഉണ്ട്. നിലവിൽ എസ്.എസ്.എ പദ്ധതിയിൽ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകി വരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി അതേ കാറ്റഗറിയിൽ ഉൾപ്പെടുന്ന എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. അതിൻപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി 8 കമ്പനികളെ എംപാനൽ ചെയ്യുകയുണ്ടായി. ഇ-ടെൻഡർ നടപടിക്രമത്തിലൂടെ കമ്പനികളെ എംപാനൽ ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നു. ഇക്കാരണത്താൽ പദ്ധതി നടപ്പിലാ |

ക്കുവാൻ കാലതാമസം നേരിട്ടുക യുണ്ടായി. കമ്പനികളെ എംപാനൽ ചെയ്യപ്പെട്ടതിനെത്തുടർന്ന് യൂണിഫോം തുണിത്തരങ്ങൾ എംപാനൽ ചെയ്യപ്പെട്ട കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പാക്കി ഓപ്പൺ മാർക്കറ്റിൽ നിന്നോ സ്കൂളധികാരികൾക്ക് വാങ്ങാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2013-14 ലെ ആദ്യ സംരംഭം എന്ന നിലക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി യൂണിഫോം വിതരണം അധ്യയന വർഷം ഒടുവിൽ മാത്രമേ ആരംഭിക്കാൻ കഴിഞ്ഞുള്ളൂ.

| | | | |
|---|---|---|---|
| ഇ) | സൗജന്യ യൂണിഫോം വിതരണ പദ്ധതി ഈ അദ്ധ്യയന വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ? | ഇ) | സൗജന്യ യൂണിഫോം വിതരണ പദ്ധതി ഈ അദ്ധ്യയന വർഷവും നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു . |

സെക്ഷൻ ആഫീസർ